യുവ സംരംഭകത്വം

30(*210) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള തൊഴിൽരഹിതരിൽ എത്ര ശതമാനം സാങ്കേതികവൈദഗ്ധ്യമുള്ളവരും ബിരുദധാരികളുമാണെന്ന് വ്യവസായ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുള്ള, വ്യവസായ പദ്ധതികൾക്കാവശ്യമായ സാമ്പത്തിക സഹായം കണ്ടെത്താനാവുന്ന, ഉപഭോഗവസ്തുക്കൾ ഏറെയും ഇറക്കുമതി ചെയ്യുന്നതിനും ആവശ്യക്കാരുള്ളതുമായ സംസ്ഥാനത്ത് സംരംഭകത്വം വികസിച്ചുവരാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ മനുഷ്യവിഭവവും സമ്പത്തും പ്രവാസി മലയാളികളുടെ സാധ്യതകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് സംരംഭകത്വത്തെ വളർത്തിയെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) പരിശോധിച്ചിട്ടില്ല.

(ബി) സംസ്ഥാനം സംരംഭകത്വ വികസനത്തിൽ ഉദ്ദേശിച്ച നേട്ടം കൈവരിച്ചിട്ടുണ്ട്. സംരംഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും വേണ്ടി വ്യവസായ വകുപ്പ് വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട് *.

(സി) പ്രവാസി മലയാളികൾക്കിടയിൽ സംരംഭകത്വം വളർത്തിയെടുക്കാൻ വിവിധ പദ്ധതി/പരിപാടികൾ മുഖേന സർക്കാർ ശ്രമിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നോർക്ക വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly